(ബി) ഇല്ലെങ്കിൽ എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ജില്ലയിൽ എല്ലാ താലൂക്കുകളിലും ഇന്ന് ആയുർവ്വേദ ആശുപത്രികളും പ്രവർത്തിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ എല്ലാ താലൂക്കുകളിലും താലൂക്ക് ആശുപത്രികളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) മറ്റ് ആശുപത്രി ജീവനക്കാരെപ്പോലെ തന്നെ പണിയെടുക്കുന്ന ആയുർവ്വേദാശുപത്രികളിലെ ജീവനക്കാർക്കും തുല്യമായ വേതനവും മറ്റാനുകൂല്യങ്ങളും ലഭിക്കണമെന്ന ആവശ്യം അംഗീകരിച്ച് നടപ്പാക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം പരിഗണിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) സാമ്പത്തിക ലഭ്യതയനുസരിച്ച് മാത്രമേ ഇക്കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

(ഇ) ഈ കാര്യം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

പീരുമേട് താലൂക്കിൽ ഒരു ആയുർവ്വേദ ആശുപത്രി

484 [878] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് താലൂക്കിൽ പട്ടുമുടി ഹരിജൻ കോളനിക്ക് സമീപം ഒരു ആയുർവ്വേദാശുപത്രി സ്ഥാപിക്കുന്നതിന് അനുമതി നൽകുമോ?

ഉത്തരം

ധനലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

അലനല്ലൂരിലെ ആയുർവ്വേദ ഡിസ്പെൻസറി

485 [879] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മണ്ണാർക്കാട് താലൂക്കിലുള്ള അലനല്ലൂരിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറി 10 കിടക്കകളുള്ള ഒരു ആയുർവ്വേദ ആശുപത്രിയായി ഉയർത്താൻ ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ഉത്തരം

ധനലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കാം.

LIBRARY ARCHIVES Kerala Legislative Assembly